ആദിവാസികൾക്ക് മാലിന്യം ഭക്ഷിക്കേണ്ട അവസ്ഥ

4(*34) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി മേഖലയിലെ ജനവിഭാഗം വിശപ്പടക്കാനായി മാലിന്യം ഭക്ഷിക്കുന്ന സാഹചര്യമുണ്ടായതായ കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ആദിവാസികൾക്ക് മാലിന്യം ഭക്ഷിക്കേണ്ട സാഹചര്യമുണ്ടായതിനെ കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(സി) ആദിവാസികൾക്കായി ഈ സർക്കാർ ചെയ്തതായി അവകാശപ്പെടുന്നതെല്ലാം ഇത്തരത്തിൽ സംഭവിക്കുന്നു എന്ന സ്ഥിതിവിശേഷത്തിന്റെ കാരണം വ്യക്തമാക്കാമോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി) :

(എ) ആദിവാസി മേഖലയിൽ ഭക്ഷ്യക്ഷാമം അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) ആദിവാസികൾക്ക് മാലിന്യം ഭക്ഷിക്കേണ്ട സാഹചര്യമുണ്ടായതായി വന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസർ, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി എന്നിവർ അന്വേഷിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലാ പട്ടികവർഗ്ഗ പ്രോജക്ട് ഓഫീസർ തയ്യാറാക്കിയ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.

(സി) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ വളരെ ഫലപ്രദമായിത്തന്നെയാണ് നടപ്പിലാക്കുന്നത്. പട്ടികവർഗ്ഗ വിഭാഗത്തിൽത്തന്നെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടി പ്രത്യേക ഭക്ഷ്യസഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു. പദ്ധതികൾ നടപ്പിലാക്കേണ്ട കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly